# പതിനാലാം കേരള നിയമസഭ
## ഏഴാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത** **10.08.2017-ന് മറുപടിയ്ക്ക്**
**നിയമസഭാ ചോദ്യം നം. 1198**

## പൊതുവിദ്യാലയങ്ങളിൽ മെച്ചപ്പെട്ട പഠന സൗകര്യങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സി.മമ്മൂട്ടി<br>പ്രൊഫ.ആബിദ് ഹുസൈൻ തങ്ങൾ<br>ശ്രീ.എൻ. ഷംസുദ്ദീൻ<br>" പി.ഉബൈദുള്ള | പ്രൊഫ. സി. രവീന്ദ്രനാഥ്<br>(വിദ്യാഭ്യാസ വകുപ്പ് മന്ത്രി) |
| (എ) പൊതുവിദ്യാലയങ്ങളിൽ അൺ എയ്ഡഡ് സ്കൂളുകളിലേതിനെക്കാൾ പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി എതൊക്കെ പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കി എന്ന് വ്യക്തമാക്കുമോ; | (എ) പൊതുവിദ്യാലയങ്ങളിൽ അൺ എയ്ഡഡ് സ്കൂളുകളിലേതിനെക്കാൾ മികച്ച പഠന സൗകര്യങ്ങൾ ഒരുക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ 8 മുതൽ 12 വരെയുള്ള ക്ലാസ് മുറികൾ ഹൈടെക് ആക്കി 'പഠന പ്രവർത്തനങ്ങൾക്ക് പുതിയ മാനം സൃഷ്ടിക്കുക' എന്ന പദ്ധതി പൈലറ്റ് അടിസ്ഥാനത്തിൽ 2016-17 അദ്ധ്യയന വർഷം ആലപ്പുഴ, പുതുക്കാട്, കോഴിക്കോട് നോർത്ത്, തളിപ്പറമ്പ് എന്നീ നാല് നിയോജക മണ്ഡലങ്ങളിലെ സ്കൂളുകളിൽ നടപ്പിലാക്കുകയും ശേഷിക്കുന്ന 136 നിയോജക മണ്ഡലങ്ങളിൽ പദ്ധതി നടപ്പിലാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഒരു മണ്ഡലത്തിലെ ഒരു സ്കൂൾ മികവിന്റെ കേന്ദ്രമായി മാറ്റിയെടുക്കുന്നതിനുള്ള നടപടികൾ ദ്രുതഗതിയിൽ പുരോഗമിക്കുന്നു. അതോടൊപ്പം വിവിധ സ്കൂളുകളുടെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നടപടികളും പുരോഗമിക്കുന്നു. |
| (ബി) ഇതിന്റെ ഭാഗമായുള്ള, ഒരു മണ്ഡലത്തിലെ ഒരു സർക്കാർ സ്കൂൾ അന്തർദേശീയ | (ബി) 'പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം' പദ്ധതിയുടെ ഭാഗമായി മികവിന്റെ കേന്ദ്രങ്ങളായി മാറ്റുന്നതിന് ആദ്യഘട്ടത്തിൽ തെരഞ്ഞെടുക്കപ്പെട്ടിട്ടുള്ള 37 സ്കൂളുകൾക്ക് |

| | | | |
|---|---|---|---|
| | നിലവാരത്തിലേയ്ക്ക് ഉയർത്തുന്ന നടപടി ഏതു ഘട്ടത്തിലാണെന്ന് വെളിപ്പെടുത്തുമോ; | | പദ്ധതി നിർവ്വഹണത്തിനായുള്ള ഭരണാനുമതിയും 'കിഫ്ബി' ധനസഹായത്തിനുള്ള അനുമതിയും ലഭ്യമായിട്ടുണ്ട്. അപ്രകാരം പദ്ധതി നിർവ്വഹണ നടപടികൾ ത്വരിതപ്പെടുത്തുന്നതിന്റെ ഭാഗമായി അംഗീകൃത ഏജൻസികളിൽ നിന്നും EoI (Expression of Interest) ക്ഷണിച്ചിട്ടുണ്ട്. കൂടാതെ അടുത്ത ഘട്ടത്തിൽ മികവിന്റെ കേന്ദ്രങ്ങളായി ഉയർത്തപ്പെടുന്നതിന് തെരഞ്ഞെടുത്തിട്ടുള്ള 76 സ്കൂളുകൾക്ക് ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ തയ്യാറാക്കിയ സ്കൂളുകളുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് ധനസഹായത്തിനായി കിഫ്ബിക്ക് സമർപ്പിച്ചിട്ടുണ്ട്. |
| (സി) | 2016-17 ൽ ഇതിനായി എത്ര തുക ചെലവിട്ടു എന്നറിയിക്കാമോ? | (സി) | 2016-17 ൽ ഇതിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ